**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പറക്കുന്നം പാലം, കണ്ണാടി-പന്നിക്കോട് റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | (എ) <u>പറക്കുന്നം പാലം (PWD015-100):</u><br><br>പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച DPR കിഫ്ബി പദ്ധതി അവലോകന വിഭാഗം പരിശോധിച്ച് സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) നൽകിയിട്ടുള്ളതാണ്. ആയതിന് SPV സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ കിഫ്ബി അധിക വിവരങ്ങൾ ആവശ്യപ്പെടുകയും, ഇതനുസരിച്ച് SPV സമർപ്പിച്ച വിവരങ്ങൾ നിലവിൽ പരിശോധിച്ച് വരികയുമാണ്.<br><br><u>കണ്ണാടി-പന്നിക്കോട് റോഡ് (PWD004-121):</u><br><br>കണ്ണാടി - പന്നിക്കോട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് 28.08.2018-ലെ PWD004-121-PA-01 നം നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതാണ്. നിലവിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരികയാണ് എന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | അവലോകനം നടന്നു കൊണ്ടിരിക്കുന്ന പറക്കുന്നം പാലം പദ്ധതിയുടെ DPR പരിശോധിച്ച് കിഫ്ബി നൽകിയ TAR-ന് SPV നൽകിയ മറുപടി പരിശോധിച്ച് തൃപ്തികരമാണെങ്കിൽ വിശദമായ അവലോകന റിപ്പോർട്ട് സഹിതം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി / ബോർഡ് മുമ്പാകെ ധനാനുമതി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. തൃപ്തികരമല്ലാത്ത പക്ഷം തുടർ നിർദ്ദേശം SPV - ക്ക് നൽകുന്നതുമാണ്. കിഫ്ബി ധനാനുമതി നൽകിയ കണ്ണാടി - പന്നിക്കോട് റോഡ് പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും, സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്തു പ്രവൃത്തി കരാർ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ നേതൃത്വത്തിൽ പദ്ധതികളുടെ അവലോകന യോഗങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ